"ഭരണഭാഷ മാതൃഭാഷ"

# കേരള സർക്കാർ

## സംഗ്രഹം

പൊതുഭരണം - സ്ഥാനാർത്ഥികളുടെ മരണം മൂലം വോട്ടെടുപ്പ് മാറ്റി വച്ച നിയോജകമണ്ഡലങ്ങളിൽ/വാർഡുകളിൽ പ്രത്യേക തിരഞ്ഞെടുപ്പ് നടത്തുന്നത് - ഉദ്യോഗസ്ഥരെ സ്ഥലം മാറ്റുന്നതിന് നിയന്ത്രണം ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുഭരണ (ഏകോപനം) വകുപ്പ്

സ .ഉ.(സാധാ) നം. 129/2021 /പൊഭവ., തിരുവനന്തപുരം, തീയതി,11.01.2021.

---

പരാമർശം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ 01.01.2021-ലെ ബി1/39258/2020/സം.തി.ക നമ്പർ കത്ത്

## ഉത്തരവ്

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് 2020-ൽ നടന്ന പൊതു തിരഞ്ഞെടുപ്പിൽ മത്സരിച്ച സ്ഥാനാർത്ഥികളുടെ മരണം മൂലം വോട്ടെടുപ്പ് മാറ്റി വച്ച നിയോജകമണ്ഡലങ്ങളിൽ/വാർഡുകളിൽ 2021 ജനവരി 21 വ്യാഴാഴ്ച പ്രത്യേക തിരഞ്ഞെടുപ്പ് നടത്തുവാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചിരിക്കുകയാണ്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

മേൽ സാഹചര്യത്തിൽ തിരഞ്ഞെടുപ്പ ജോലികൾക്കായി അനുബന്ധപ്രകാരം തിരഞ്ഞെടുപ്പ് കമ്മീഷൻ നിയോഗിച്ചിട്ടുള്ള വരണാധികാരികളേയും/ഉപവരണാധികാരികളേയും ക്രമസമാധാനപാലനം ഉൾപ്പെടെ തിരഞ്ഞെടുപ്പ് നടത്തിപ്പുമായി ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥരേയും, തിരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയാകുന്നതുവരെ സ്ഥലം മാറ്റാൻ പാടില്ല എന്ന് ഇതിനാൽ സർക്കാർ ഉത്തരവാകുന്നു. ഒഴിച്ചുകൂടാൻ പാടില്ലാത്ത സാഹചര്യത്തിൽ മാത്രം ഏതെങ്കിലും ഉദ്യോഗസ്ഥനെ സ്ഥലം മാറ്റേണ്ടതുണ്ടെങ്കിൽ അതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുൻപ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ മുൻകൂർ അനുമതി വാങ്ങേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സി.കെ.വിനോദൻ**

ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.
ഗവർണറുടെ സെക്രട്ടറിക്ക് (ആമുഖ കത്ത് സഹിതം)
സംസ്ഥാന പോലീസ് ചീഫ്, തിരുവനന്തപുരം - 10
ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്, തിരുവനന്തപുരം-33
രജിസ്ട്രാർ, സഹകരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം-33
ഡയറക്ടർ, ജനറൽ ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്, തിരുവനന്തപുരം
ഡയറക്ടർ, കൃഷി വകുപ്പ്, തിരുവനന്തപുരം.
കമ്മീഷണർ, കമ്മീഷണറേറ്റ് ഓഫ് ലാന്റ് റവന്യൂ, പബ്ലിക് ഓഫീസ്, തിരുവനന്തപുരം.
കമ്മീഷണർ, ലേബർ കമ്മീഷണർ, തിരുവനന്തപുരം.
കമ്മീഷണർ, ഗ്രാമവികസന വകുപ്പ്, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (അഡ്മിനിസ്ട്രേഷൻ/റോഡ്), തിരുവനന്തപുരം.
ഡയറക്ടർ, ക്ഷീര വികസന വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, സിവിൽ സപ്ലൈസ് വകുപ്പ്, തിരുവനന്തപുരം
ചീഫ് കൺസർവേറ്റർ ഓഫീസർ,വനം വകുപ്പ്, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ (ഇറിഗേഷൻ& അഡ്മിനിസ്ട്രേഷൻ) തിരുവനന്തപുരം
ജില്ലാ കളക്ടർമാർ (കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ)
സെക്രട്ടേറിയറ്റിലെ ആഭ്യന്തരം/റവന്യൂ/തദ്ദേശസ്വയംഭരണം/പൊതുമരാമത്ത്/ഇലക്ഷൻ/കൃഷി/സഹകരണം/ ക്ഷീര വികസനം/വനം വന്യജീവി/ജലവിഭവം/പൊതുമരാമത്ത്/പ്ലാനിംഗ്/ഭക്ഷ്യപൊതുവിതരണം വകുപ്പുകൾക്ക്
വെബ് & ന്യൂ മീഡിയ, I&PRD (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

തിരുവനന്തപുരം- 695033

നമ്പർ: ബി1/ 39258/2020/സം.തി.ക. തീയതി: 01.01.2021

പ്രേഷിതൻ

സെക്രട്ടറി

സ്വീകർത്താവ്

ചീഫ് സെക്രട്ടറി,
കേരള സർക്കാർ,
ഗവമെന്റ് സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം-695 001.

LOCAL SELF GOVERNMENT (OS 'D') DEPARTMENT
06 JAN 2021
THIRUVANANTHAPURAM-1

സർ,

വിഷയം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - സ്ഥാനാർത്ഥികളുടെ മരണം മൂലം വോട്ടെടുപ്പ് മാറ്റിവച്ചത്- പ്രത്യേക തിരഞ്ഞെടുപ്പ് നടത്തുന്നത്- സംബന്ധിച്ച്.

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടന്ന 2020 ലെ പൊതുതിരഞ്ഞെടുപ്പിൽ മത്സരിച്ച സ്ഥാനാർത്ഥികളുടെ മരണം മൂലം വോട്ടെടുപ്പ് മാറ്റിവച്ച നിയോജകമണ്ഡലങ്ങളിൽ / വാർഡുകളിൽ 2021 ജനുവരി 21 (വ്യാഴം) പ്രത്യേക തിരഞ്ഞെടുപ്പ് നടത്തുവാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചിരിക്കുകയാണ്.

പ്രത്യേക തിരഞ്ഞെടുപ്പ് നടക്കുന്ന പഞ്ചായത്ത്, മുനിസിപ്പാലിറ്റി വാർഡുകളിലെ തിരഞ്ഞെടുപ്പിനുള്ള വരണാധികാരികളുടെയും ഉപവരണാധികാരികളുടെയും തിരഞ്ഞെടുപ്പ് കാര്യപരിപാടിയുടെയും വിശദവിവരം അനുബന്ധം 1, 2 എന്നിവയിൽ ചേർത്തിട്ടുണ്ട്.

പ്രത്യേക തിരഞ്ഞെടുപ്പ് നടത്തുതിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിയോഗിച്ചിട്ടുള്ള വരണാധികാരികളുടെയും, അസിസ്റ്റന്റ് വരണാധികാരികളുടെയും ക്രമസമാധാനപാലനം ഉൾപ്പെടെ തിരഞ്ഞെടുപ്പ് നടത്തിപ്പുമായി ബന്ധപ്പെട്ട മറ്റുദ്യോഗസ്ഥരുടെയും സ്ഥലംമാറ്റത്തിന് പ്രസ്തുത തിരഞ്ഞെടുപ്പ് പ്രക്രിയ അവസാനിക്കുവരെ നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ട് ബന്ധപ്പെട്ട അധികാരികൾക്ക് നിർദ്ദേശം നൽകണമെന്നും ഇതു സംബന്ധിച്ച് പുറപ്പെടുവിക്കുന്ന ഉത്തരവിന്റെ പകർപ്പ് എത്രയും പെട്ടെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് ലഭ്യമാക്കണമെന്നും താൽപര്യപ്പെടുന്നു.

ഒഴിച്ചുകൂടാൻ പാടില്ലാത്ത സാഹചര്യത്തിൽ ഏതെങ്കിലും ഉദ്യോഗസ്ഥനെ സ്ഥലം മാറ്റേണ്ടതുണ്ടെങ്കിൽ അക്കാര്യം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനുമായി കൂടിയാലോചിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

എ. സന്തോഷ്

സെക്രട്ടറി

പകർപ്പ്:-

1. അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്, സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്, സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
3. സെക്രട്ടറി, സഹകരണ വകുപ്പ്, സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
4. സെക്രട്ടറി, റവന്യൂ വകുപ്പ്, സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
5. സെക്രട്ടറി, വ്യവസായ വകുപ്പ്, സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
6. സെക്രട്ടറി, ജലസേചന വകുപ്പ്, സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
7. സംസ്ഥാന പോലീസ് ചീഫ്, തിരുവനന്തപുരം -10
8. ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്, തിരുവനന്തപുരം-33
9. ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം-33
10. കമ്മീഷണർ, ഗ്രാമവികസന വകുപ്പ്, തിരുവനന്തപുരം-33
11. പി.ആർ.ഒ. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.
12. അഡീഷണൽ സെക്രട്ടറി & നോഡൽ ഓഫീസർ (ഇലക്ഷൻ) സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ.
13. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണറുടെ പി.എസിന് /സി.എയ്ക്ക്
14. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ സി.എ.യ്ക്ക്
15. ഫയൽ/കരുതൽ

'ജനഹിതം' , റ്റി.സി.27/6(2), വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം -695 033
ഫോൺ : 0471-2325048 (Administration), 2337884 (Election)
e-mail:cru.sec@kerala.gov.in, electionker@gmail.com
website:www.sec.kerala.gov.in

## അനുബന്ധം- 1

2021 ജനുവരി 21 (വ്യാഴം) തീയതി പ്രത്യേക തിരഞ്ഞെടുപ്പ് നടക്കുന്ന പഞ്ചായത്ത്, മുനിസിപ്പാലിറ്റി വാർഡുകളും അവയുടെ വരണാധികാരികളും ഉപവരണാധികാരികളും

| ക്രമ നമ്പർ | ജില്ല | തദ്ദേശസ്വയംഭരണസ്ഥാപനം | വാർഡ് | വരണാധികാരി | ഉപവരണാധികാരി |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1. | കൊല്ലം | ജി. 51 പന്മന ഗ്രാമപഞ്ചായത്ത് | 05 പറമ്പിമുക്ക് | സബ് രജിസ്ട്രാർ, ചവറ, കൊല്ലം | സെക്രട്ടറി , ജി. 51 പന്മന ഗ്രാമപഞ്ചായത്ത് |
| 2. | കൊല്ലം | ജി. 51 പന്മന ഗ്രാമപഞ്ചായത്ത് | 13 ചോല | സബ് രജിസ്ട്രാർ, ചവറ, കൊല്ലം | സെക്രട്ടറി, ജി. 51 പന്മന ഗ്രാമപഞ്ചായത്ത് |
| 3. | ആലപ്പുഴ | ജി. 56 ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്ത് | 07 പി എച്ച് സി വാർഡ് | അസിസ്റ്റന്റ് രജിസ്ട്രാർ, കോപ്പറേറ്റീവ് സൊസൈറ്റീസ് (ജനറൽ) മാവേലിക്കര, ആലപ്പുഴ | സെക്രട്ടറി, ജി. 56 ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്ത് |
| 4. | എറണാകുളം | എം. 26 കളമശ്ശേരി മുനിസിപ്പാലിറ്റി | 37 മുനിസിപ്പൽ വാർഡ് | എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ ഡിവിഷൻ, എറണാകുളം. | സൂപ്രണ്ട്(ജനറൽ) കളമശ്ശേരി മുനിസിപ്പാലിറ്റി |
| 5. | തൃശ്ശൂർ | സി 04 തൃശ്ശൂർ കോർപ്പറേഷൻ | 47 പുല്ലഴി വാർഡ് | ജനറൽ മാനേജർ, ഡിസ്ട്രിക്ട് ഇൻഡസ്ട്രീ സെന്റർ, തൃശ്ശൂർ. | ഡെപ്യൂട്ടി സെക്രട്ടറി & അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ |
| 6. | കോഴിക്കോട് | ജി. 65 മാവൂർ ഗ്രാമപഞ്ചായത്ത് | 11 താത്തൂർപൊയ്യിൽ | തഹസിൽദാർ (ലാൻഡ് റിക്കാർഡ്സ്) താലൂക്ക് ഓഫീസ്, കോഴിക്കോട്. | സെക്രട്ടറി, ജി. 65 മാവൂർ ഗ്രാമപഞ്ചായത്ത് |
| 7. | കണ്ണൂർ | ഡി.13 ജില്ലാ പഞ്ചായത്ത് | 07 തില്ലങ്കേരി | ജില്ലാ കളക്ടർ, കണ്ണൂർ | ഡെപ്യൂട്ടി കളക്ടർ (ജനറൽ)/ എ.ഡി.എം |

3

## അനുബന്ധം-2

## പ്രത്യേക തിരഞ്ഞെടുപ്പ്

## തിരഞ്ഞെടുപ്പ് കാര്യപരിപാടി

| | |
|---|---|
| തിരഞ്ഞെടുപ്പ് കമ്മീഷന്റെ വിജ്ഞാപനവും വരണാധികാരി പുറപ്പെടുവിക്കുന്ന തിരഞ്ഞെടുപ്പ് നോട്ടീസ് പരസ്യപ്പെടുത്തലും | : 2020 ഡിസംബർ 28 (തിങ്കൾ) |
| നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനുള്ള അവസാന തീയതി | : 2021 ജനുവരി 04 ( തിങ്കൾ) |
| നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന | : 2021 ജനുവരി 05 ( ചൊവ്വ) |
| സ്ഥാനാർത്ഥിത്വം പിൻവലിക്കാനുള്ള അവസാന തീയതി | : 2021 ജനുവരി 07( വ്യാഴം) |
| ആവശ്യമുള്ളപക്ഷം വോട്ടെടുപ്പ് നടത്തുന്ന തിനുള്ള തീയതി (സമയം രാവിലെ 7 മുതൽ വൈകുന്നേരം 6 മണി വരെ) | : 2021 ജനുവരി 21 (വ്യാഴം) |
| വോട്ടെണ്ണൽ നടത്തുന്നതിനുള്ള തീയതി (വോട്ടെണ്ണൽ അന്നേദിവസം രാവിലെ 8 മണിക്ക് ആരംഭിക്കേണ്ടതാണ്) | : 2021 ജനുവരി 22 (വെള്ളി) |
| തിരഞ്ഞെടുപ്പ് പൂർത്തിയാക്കാനുള്ള അവസാന തീയതി | : 2021 ജനുവരി 23 (ശനി) |
| തിരഞ്ഞെടുപ്പ് ചെലവ് കണക്ക് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് സമർപ്പിക്കാനുള്ള അവസാന തീയതി | : 2021 ഫെബ്രുവരി 20 (ശനി) |

വി.ഭാസ്കരൻ,
സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ.